**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1873** **29-09-2025 - ൽ മറുപടിയ്ക്ക്**

**ആശ്വാസ കിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ആശ്വാസ കിരണം പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് തുക നൽകുന്നതിൽ നിലവിൽ കുടിശ്ശികയുണ്ടോ; എങ്കിൽ ഏത് തീയതി മുതലാണ് കുടിശ്ശികയെന്ന് വിശദമാക്കാമോ; | (എ) | 2018 മാർച്ച് 31 വരെ ലഭിച്ച അപേക്ഷകരിൽ നിന്നും യഥാസയമം ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നവർക്ക് ആശ്വാസകിരണം പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചുവരുന്നു. ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച **21,623** ഗുണഭോക്താക്കൾക്ക് 2025 ആഗസ്റ്റ് മാസം വരെയുമുള്ള ധനസഹായം അനുവദിച്ച നൽകിയിട്ടുണ്ട്. |
| (ബി) | നേരത്തെ വർഷങ്ങളോളം കുടിശ്ശികയായതിനാൽ ലൈഫ് സർട്ടിഫിക്കറ്റ് നൽകാതിരുന്നവർ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടോ; എത്ര വർഷം ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തവരെയാണ് ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്; ഇങ്ങിനെ ഒഴിവാക്കപ്പെട്ടവരെ ലിസ്റ്റിൽ ഉൾപ്പെടുത്താൻ എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ? | (ബി) | 2018 മാർച്ച് 31 വരെ ലഭിച്ച അപേക്ഷകരിൽ നിന്നും യഥാസമയം ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നവർക്ക് കുടിശിക ഇല്ലാതെയും, യഥാസമയം ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തവർക്ക് അവർ ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന തീയതി മുതലും ധനസഹായം അനുവദിച്ചു വരുന്നതിനാൽ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നവരിൽ ആരും തന്നെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ല. രോഗി മരണപ്പെടുന്ന കേസുകളിൽ അക്കാര്യം റിപ്പോർട്ട് ചെയ്യപ്പെടുന്ന മുറയ്ക്ക് മാത്രമേ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെടുകയുള്ളൂ. |

സെക്ഷൻ ഓഫീസർ